മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ജനുവരി 12**

---

# ക്യൂആർ കോഡ് സ്കാൻ ചെയ്താൽ അറിയാം സർവകലാശാലാ കാമ്പസിലെ മരങ്ങളുടെ വിവരങ്ങൾ

മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ മരങ്ങളുടെ വിശദ വിവരങ്ങൾ ക്യൂആർ കോഡ് സ്കാനിംഗിലൂടെ ഇനി ലഭ്യമാകും. മരങ്ങളിൽ പേരും ക്യൂആർ കോഡും ഉൾപ്പെടുന്ന ബോർഡുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായി.

കാമ്പസിൽ ആകെ 156 ഇനങ്ങളിൽ പെട്ട 3731 മരങ്ങളുണ്ടെന്നാണ് കണക്ക്. പലയിനങ്ങളിലും പെട്ട മരങ്ങൾ നിരവധി എണ്ണമുണ്ട്. വിദ്യാർഥികളും സന്ദർശകരും കൂടുതലായി എത്തുന്ന മേഖലകളിലുള്ള മൂന്നുറോളം മരങ്ങളിലാണ് ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പേരുകളും ശാസ്ത്രീയ നാമവും ക്യൂആർ കോഡുമുള്ള ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നത്.

സർവകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റൈനബിൾ ഡവലപ്മെന്റ് (എ.സി.ഇ.എസ്.എസ്.ഡി) കോട്ടയം വെള്ളൂരിലെ ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കോളജിക്കൽ സ്റ്റഡീസിന്റെ(ടൈസ്) സഹകരണത്തോടെ നടത്തിയ പരിസ്ഥിതി ഓഡിറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് ബോർഡുകൾ തയ്യാറാക്കിയത്.

മുൻപ് കാമ്പസിലെ മരങ്ങളിൽ പേര് പ്രദർശിപ്പിച്ചിരുന്നെങ്കിലും വിശദവിവരങ്ങൾ ലഭ്യമാകും വിധം ക്യൂആർ കോഡ് സ്കാനിംഗ് സൗകര്യം ഉണ്ടായിരുന്നില്ല. കോഡ് സ്കാൻ ചെയ്യുമ്പോൾ ലഭിക്കുന്ന വെബ് പേജിൽ മരത്തിന്റെ ചിത്രം, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പേര്, ശാസ്ത്രീയ നാമം, ലഘുവിവരണം എന്നിവയാണുള്ളത്.

മരങ്ങളെ അടുത്തറിഞ്ഞ് സംരക്ഷിക്കാൻ വിദ്യാർഥികളെയും പൊതു സമൂഹത്തെയും പ്രേരിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നതെന്ന് എ.സി.ഇ.എസ്.എസ്.ഡി ഡയറക്ടർ ഡോ. എ.പി. തോമസ് പറഞ്ഞു.

ക്യൂആർ കോഡ് സംവിധാനത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ.

സി.ടി. അരവിന്ദകുമാർ നിർവഹിച്ചു. ഇതോടനുബന്ധിച്ച് സർവകലാശാലയിലെ മരങ്ങളുടെ ലൊക്കേഷൻ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്കൊള്ളുന്ന ട്രീസ് ഓഫ് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി കാമ്പസ് എന്ന പുസ്തകത്തിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. ബിജു തോമസ്, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, ഡോ. എ.പി. തോമസ്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, ഡോ. മഹേഷ് മോഹൻ, ഡോ. പി.ആർ. ബിജു, ഡോ. ടി.ആർ. കീർത്തി, ഡോ. ജി. ക്രിസ്റ്റഫർ, ടൈസ് ഡയറക്ടർ ഡോ. പുന്നൻ കുര്യൻ, എസ്റ്റേറ്റ് ഓഫീസർ ജിംസൺ ജോൺ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**
മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ വിശദ വിവരങ്ങൾ അടങ്ങിയ പുസ്തകത്തിന്റെ പ്രകാശനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു.

(പി.ആർ.ഒ/39/42/2024)

## എം.ജി. സർവകലാശാലയിൽ രാജ്യാന്തര കാർഷിക സെമിനാർ 19ന്

ഇന്ത്യൻ കൃഷി സമ്പ്രദായത്തിലെ പുതിയ സാധ്യതകളെക്കുറിച്ചുള്ള രാജ്യാന്തര സെമിനാർ ജനുവരി 19ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. ഫിലിപ്പൈൻസിലെ രാജ്യാന്തര നെല്ലു ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞയായ ഡോ. സ്വാതി നായക് മുഖ്യ പ്രഭാഷണം നടത്തും.

കേരള സർവകലാശാലയിലെ സെൻട്രൽ ലാബോറട്ടറി ഫോർ ഇൻസ്ട്രുമെന്റേഷൻ ആന്റ് ഫെസിലിറ്റേഷൻ ഡയറക്ടർ പ്രഫ. ജി.എം. നായർ, കൊല്ലം ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഫുഡ് ടെക്നോളജി വകുപ്പ് ഡീൻ ഡോ. ആർ. സിന്ധു, തഞ്ചാവൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക് നോളജി എന്റർപ്രണർഷിപ്പ് ആന്റ് മാനേജ്മെന്റിലെ ഡോ. ജയൻ എ. മോസസ് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കും.

റൂസ പ്രോജക്ടിന്റെ ഭാഗമായി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി എന്നിവ സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. ഓൺലൈനിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് പങ്കെടുക്കാമെന്ന് സെമിനാർ കൺവീനർ ഡോ. എം.എസ്. ജിഷ അറിയിച്ചു. വിശദ വിവരങ്ങൾ 9400730358, 8281881497 എന്നീ നമ്പരുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/43/2024)

## ഏകദിന സെമിനാർ 15ന്

ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതിയുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ് സംഘടിപ്പിക്കുന്ന ഏകദിന സെമിനാർ ജനുവരി 15 നടക്കും. രാവിലെ 10ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

വകുപ്പ് മേധാവി ഡോ. ജെ.വി. ആശ അധ്യക്ഷത വഹിക്കും. കുടുംബശ്രീ തൃശൂർ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. യു. മോണിഷ മുഖ്യ പ്രഭാഷണം നടത്തും. ആലപ്പുഴ ജില്ലാ തൊഴിലുറപ്പ് പദ്ധതി ഓംബുഡ്സ്മാൻ ഡോ. സജി മാത്യു സംസാരിക്കും. പദ്ധതിയുടെ ഭാഗമായി വിജയകരമായി നടപ്പാക്കിയ പ്രോജക്ടിനെക്കുറിച്ച് ഡയറക്ടർ ഡോ. ഇസ്മായേൽ താമരശേരിയും റിയ ഷിബുവും വിശദീകരിക്കും.

ഗ്രൂപ്പ് ചർച്ചയിൽ ഡോ. കെ.വി. മുഹമ്മദ് മോഡറേറ്ററായിരിക്കും. പ്രഫ. ജയ ജെയ്സ്, പ്രഫ. എ. മിനിക്കുട്ടി, പ്രഫ. സഞ്ജന ജലീൽ, ഡോ. കെ.എം. മുഹമ്മദ് ഷിഹാബ്, സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ് ഡയറക്ടർ പി.എം. ആരതി, ഡോ. എസ്. സ്മിത എന്നിവർ സംസാരിക്കും.
സമാപനസമ്മേളനത്തിൽ സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ പങ്കെടുക്കും.

(പി.ആർ.ഒ/39/44/2024)

## വാക്ക്-ഇൻ ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിവേഴ്സിറ്റി സെൻറർ ഫോർ അൾട്രാസൗണ്ട് സ്റ്റഡീസിൽ(യുസിയുഎസ്) റിസർച്ച്/സയൻറിഫിക് ഓഫീസർ, ടെക്നിക്കൽ അസിസ്റ്റൻറ്/പ്രോജക്ട് അസിസ്റ്റൻറ് തസ്തികകളിൽ താത്കാലിക നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യൂ ജനുവരി 19ന് ഉച്ചയ്ക്ക് 12ന് സർവകലാശാല ആസ്ഥാനത്ത് നടക്കും.

റിസർച്ച്/സയൻറിഫിക് ഓഫീസർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിലെ ഒരൊഴിവിലാണ് നിയമനം. ഫിസിക്സിലോ ഫോട്ടോണിക്സിലോ ബിരുദാനന്തര ബിരുദം, പി.എച്ച്ഡി, പിയർ റിവ്യു ജേണലുകളിൽ ലേസർ അധിഷ്ഠിത പരീക്ഷണങ്ങളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ എന്നിവയാണ് അടിസ്ഥാന യോഗ്യത. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 50000 രൂപ. 2023 ജനുവരി ഒന്നിന് 50 വയസ് കവിയരുത്.

ടെക്നിക്കൽ അസിസ്റ്റൻറ്/ പ്രോജക്ട് അസിസ്റ്റൻറ് തസ്തികയിൽ എൽസി/എഐ വിഭാഗത്തിലെ ഒരൊഴിവിലേക്കാണ് നിയമനം. ഫിസിക്സ്, ഫോട്ടോണിക്സ്, ഇൻസ്ട്രുമെൻറേഷൻ, മെറ്റീരിയൽ സയൻസ് എന്നിവയിൽ ഏതിലെങ്കിലും എം.എസ്സി അല്ലെങ്കിൽ നാനോസയൻസ് ആൻറ് നാനോടെക്നോളജിയിലോ മെറ്റീരിയൽ സയൻസിലോ എം.ടെക്ക് യോഗ്യതയും ലേസർ അധിഷ്ഠിത ഗവേഷണത്തിൽ അഭിരുചിയും ആണ് യോഗ്യത. യുജിസി ജെആർഎഫ്/നെറ്റ്, ഗേറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന. പ്രതിമാസ വേതനം

സഞ്ചിത നിരക്കിൽ 17000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 35 വയസ്സ് കവിയരുത്.

രണ്ടു തസ്തികകളിലേയ്ക്കും ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.

താല്പര്യമുള്ളവർ പ്രായം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം, അധികയോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 19ന് രാവിലെ 11ന് മഹാത്മാഗാന്ധി സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡി.എ7 സെക്ഷിൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് എത്തണം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/45/2024)

## മാറ്റിവച്ച പരീക്ഷകൾ 17 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല ജനുവരി ഒൻപത് ,15 തീയതികളിൽ മാറ്റിവച്ച പരീക്ഷകൾ ജനുവരി 17 മുതൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/46/2024)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്സി മൈക്രോ ബയോളജി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 18 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..........................

അഞ്ചാം സെമസ്റ്റർ ബി.എഫ്.ടി/ബി.എസ്.സി കോർപ്പറേറ്റ് അപ്പാരൽ ആൻറ് ഫാഷൻ ഡിസൈൻ(2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 16ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..........................

കഴിഞ്ഞ ഒക്ടോബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച അഞ്ചാം സെമസ്റ്റർ ബി.എ അനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ, വിഷ്വൽ ആർട്ട്സ്, അനിമേഷൻ ആൻറ് വിഷ്വൽ എഫക്ട്സ്(2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 16ന് ആരംഭിക്കും.

(പി.ആർ.ഒ/39/47/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**